പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ്ഓഫീസറുടെ ഓഫീസറുടെ നടപടി ഉത്തരവ്

(സാന്നിധ്യം. മിനിമോൾ ഡി, ഗവ. അഡീഷണൽ സെക്രട്ടറി)

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ 01.01.2026 തീയതി പ്രാബല്യത്തിലുള്ള താൽക്കാലിക സീനിയോറിറ്റി പട്ടിക (Provisional Seniority List) പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-
1. സർക്കാർ കത്ത് നമ്പർ സി4/146/2023/പൊ.വി.വ തീയതി: 05.07.2023.
2. 03/04/2026 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡിജിഇ/5451/2026/എ3 നമ്പർ സർക്കുലർ.

ഉത്തരവ് നമ്പർഎ3/5908/2026/ഡി.ജി.ഇ തീയതി : 02-06-2026

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി പുതുക്കി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കോമൺ പൂളിൽ ജോലിചെയ്യുന്നവരും നിലവിൽ സർവ്വീസിൽ ഉള്ളവരുമായ എല്ലാ പഞ്ചായത്ത് സ്കൂൾ അധ്യാപകരുടെയും ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെയും വിവരങ്ങൾ ക്രോഡീകരിച്ചു സമർപ്പിക്കുവാൻ പരാമർശം (2) പ്രകാരം നിർദേശിച്ചിരുന്നു. അതിൻ പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോമൺ പൂളിൽ ജോലിചെയ്യുന്നവരും നിലവിൽ സർവ്വീസിൽ ഉള്ളവരുമായ എല്ലാ പഞ്ചായത്ത് സ്കൂൾ അധ്യാപകരുടെയും 01/01/2026 തീയതി പ്രാബല്യത്തിലുള്ള താൽക്കാലിക സീനിയോറിറ്റി പട്ടിക (Provisional Seniority List) പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത പട്ടികയിന്മേലുള്ള പരാതികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ **10/06/2026 തീയതി 5 PM** ന് മുൻപായി ഈ കാര്യാലയത്തിലെ എ വിഭാഗത്തിൽ ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാണ്. **(ഇ-മെയിൽ വിലാസം supdta.dge@kerala.gov.in)**

Digitally signed by Minimol D
Date: 02-06-2026 14:08:03

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഗവ. അഡീഷണൽ സെക്രട്ടറി)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
3. ഡയറക്ടർ,സമഗ്ര ശിക്ഷ കേരളം, തിരുവനന്തപുരം.
4. ഡയറക്ടർ,എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം.

5. എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും,
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)